## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5437 — 27.03.2018 -ൽ മറുപടിയ്ക്ക്

### രാസ കീടനാശിനികളുടെ അനിയന്ത്രിതമായ ഉപയോഗം

| ചോദ്യം<br>ശ്രീ.മുഹമ്മദ് മുഹസിൻ. പി | | ഉത്തരം<br>ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | രാസ കീടനാശിനി, കുമിൾ നാശിനി, കളനാശിനി എന്നിവയുടെ അനിയന്ത്രിതമായ ഉപയോഗം നിയന്ത്രിക്കുക എന്ന ലക്ഷ്യത്തോടെ ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) ബോധവൽക്കരണത്തിലൂടെയും നല്ല കൃഷി മുറകൾ പ്രോത്സാഹിപ്പിക്കുന്നതിലൂടെയും ഘട്ടം ഘട്ടമായി രാസകീടനാശിനികളുടെ ഉപയോഗം കുറച്ച് സുരക്ഷിത ഭക്ഷ്യ ഉല്പാദനം എന്ന ലക്ഷ്യം കൈവരിക്കുന്നതിനുള്ള നടപടികളാണ് കാർഷിക വികസന കർഷകക്ഷേമ വകുപ്പ് സ്വീകരിച്ചുവരുന്നത്. അമിതകീടനാശിനി പ്രയോഗത്തിന്റെ ദൂഷ്യഫലങ്ങൾ സംബന്ധിച്ചും വിഷരഹിതമായ ഭക്ഷ്യ ഉല്പന്നങ്ങളുടെ ഉല്പാദനം സംബന്ധിച്ചും ക്ലാസ്സുകൾ, പരിശീലനങ്ങൾ, ശില്പശാലകൾ എന്നിവയിലൂടെ കർഷകരെ ബോധവൽക്കരിക്കുന്നുണ്ട്. വിള ആരോഗ്യ പരിപാലന പദ്ധതിയിൻകീഴിൽ ആരംഭിച്ചിട്ടുള്ള പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ മുഖേന സന്തുലിത വളപ്രയോഗം, സംയോജിത കീടരോഗ നിയന്ത്രണം, ജൈവനിയന്ത്രണ മാർഗ്ഗങ്ങൾ, പരിസ്ഥിതി സൗഹൃദ കൃഷി എന്നിവ സംബന്ധിച്ച നിർദ്ദേശങ്ങൾ കർഷകർക്ക് ലഭ്യമാക്കുന്നു. കാർഷിക വികസന കർഷകക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികളിലൂടെ ജൈവകീടരോഗ നിയന്ത്രണോപാധികളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നുണ്ട്. ട്രൈക്കോഡർമ, വി.എ.എം. മുതലായവ കർഷകരുടെ കൃഷിയിടങ്ങളിൽ തന്നെ ഉല്പാദിപ്പിക്കുന്നതിന് സാങ്കേതിക സാമ്പത്തിക സഹായങ്ങൾ വിവിധ പദ്ധതികളിലൂടെ ലഭ്യമാക്കുന്നു.<br>2016-17 മുതൽ സംസ്ഥാനത്ത് ക്വാളിറ്റികൺട്രോൾ എൻഫോഴ്സ്മെന്റ് കാമ്പയിൻ നടപ്പിലാക്കി വരുന്നു. കാമ്പയിന്റെ ഭാഗമായി എല്ലാ ഫെർട്ടിലൈസർ, ഇൻസെക്ടിസൈഡ് ഇൻസ്പെക്ടർമാരും എല്ലാ മാസവും അതാത് പ്രദേശത്തെ ഡിപ്പോകൾ നിർബന്ധമായും പരിശോധിക്കുന്നു. ഇതിനു പുറമേ സംസ്ഥാനത്തിലും ജില്ലാ തലത്തിലും മേഖലാ തലത്തിലും സ്പെഷ്യൽ സ്ക്വാഡുകൾ പ്രവർത്തിക്കുന്നു. മാത്രമല്ല സംസ്ഥാനത്ത് നിരോധിച്ചിട്ടുള്ള മാരക കീടനാശിനികൾ അയൽ സംസ്ഥാനങ്ങളിൽ നിന്നും എത്തുന്നത് തടയുവാൻ ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ മൾട്ടി ഡിസിപ്ലിനറി സ്ക്വാഡും പ്രവർത്തിക്കുന്നുണ്ട്. കീടനാശിനികളുടെ ഉപയോഗം പരമാവധി കുറയ്ക്കുന്നത് ലക്ഷ്യമിട്ട്, നിയന്ത്രിത വിഭാഗത്തിൽപ്പെടുന്ന കീടനാശിനികളുടെ വില്പനയ്ക്ക് കൃഷി ഓഫീസറുടെ ശുപാർശാ കുറിപ്പ് നിർബന്ധമാക്കിയിട്ടുണ്ട്.<br>കീടനാശിനിയുടെ അനിയന്ത്രിത ഉപയോഗം മൂലമുള്ള ദൂഷ്യഫലങ്ങൾ സംബന്ധിച്ച് കർഷകരെ ബോധവൽക്കരിക്കുന്നതിനായി ഒരു കാമ്പയിൻ 13.11.2017 മുതൽ 18.11.2017 വരെ നടത്തിയിട്ടുണ്ട്. |

സംസ്ഥാന സർക്കാരിന്റെ "സേഫ് ടു ഈറ്റ്" എന്ന പദ്ധതി പ്രകാരം വെള്ളായണി കാർഷിക കോളേജിലെ കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനാ ലാബ് മുഖേന മാർക്കറ്റിൽ നിന്നും പഴം-പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനാ നടത്തി വിവരം പരസ്യപ്പെടുത്തുന്നുണ്ട്. കേരള സർക്കാറിന്റെ ഔദ്യോഗിക വെബ് പോർട്ടൽ **www.kerala.gov.in** ലും കാർഷിക സർവ്വകലാശാലയുടെയും കൃഷി വകുപ്പിന്റെയും വെബ്സൈറ്റുകളിൽ പരിശോധനാഫലം പരസ്യപ്പെടുത്തുന്നത് വഴി ഉപഭോക്താക്കൾക്ക് ഉല്പന്നങ്ങളുടെ ഗുണനിലവാരത്തെ സംബന്ധിച്ച വിവരം ലഭിക്കും. ഇപ്രകാരമുള്ള പരിശോധനാഫലം 3 മാസത്തിലൊരിക്കൽ പ്രസിദ്ധീകരിക്കുന്നുണ്ട്. ഈ സർക്കാരിന്റെ ശക്തമായ ഇടപെടലുകളെ തുടർന്ന് കീടനാശിനികളുടെ ഉപയോഗം ഗണ്യമായി കുറഞ്ഞിട്ടുണ്ട്.

(ബി) ഇത്തരം നടപടികൾ ഫലപ്രദമാണോ; ഇത് വഴി ഇത്തരം രാസവസ്തുക്കളുടെ ഉപയോഗത്തിൽ കുറവ് ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) ഉണ്ട്. നിരോധിത കീടനാശിനികളുടെ ഉപയോഗം പൂർണ്ണമായും ഒഴിവാക്കുവാൻ ഇൻസെക്ടിസൈഡ് ആക്ട്, 1968 പ്രകാരമുള്ള ശക്തമായ നടപടികളാണ് കാർഷിക വികസന കർഷകക്ഷേമ വകുപ്പ് കൈക്കൊണ്ടുവരുന്നത്.

കീടനാശിനി ഡിപ്പോകളിൽ ഇൻസെക്ടിസൈഡ് ഇൻസ്പെക്ടർമാരുടെ രണ്ടാഴ്ചയിലൊരിക്കലുള്ള നിർബന്ധിത പരിശോധന, ജില്ലാതല വിജിലൻസ് കമ്മിറ്റിയുടെയും റീജിയണൽ സ്പെഷ്യൽ വിജിലൻസ് സ്ക്വാഡിന്റെയും സ്റ്റേറ്റ് വിജിലൻസ് സ്ക്വാഡിന്റെയും പരിശോധന തുടങ്ങിയ കർശന നടപടികൾ വഴി അംഗീകൃത കീടനാശിനി ഡിപ്പോകളിലൂടെയുള്ള നിരോധിത കീടനാശിനികളുടെ വില്പന ഏതാണ്ട് പൂർണ്ണമായും ഒഴിവാക്കാൻ കഴിഞ്ഞിട്ടുണ്ട്. കർഷകർക്കും കർഷക സമിതികൾക്കും, കീടനാശിനി കമ്പനികളും വിതരണക്കാരും നേരിട്ട് കീടനാശിനി വിതരണം ചെയ്യുന്നത് തടയുന്നതിനും നിരോധിത കീടനാശിനികളുടെ ലഭ്യത പൂർണ്ണമായും ഒഴിവാക്കുവാനും സഹായകമായിട്ടുണ്ട്.

വില്പനയ്ക്കും വിതരണത്തിനുമായി നിരോധിത കീടനാശിനികൾ കടത്തിക്കൊണ്ടുവരികയോ സ്റ്റോക്ക് ചെയ്യുകയോ ചെയ്യുന്നവർക്കെതിരെ ഇൻസെക്ടിസൈഡ് ആക്ട് 1968 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനൊപ്പം, നിരോധിത കീടനാശിനികൾ ഉപയോഗിക്കുന്ന പക്ഷം, കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള അർഹത നഷ്ടപ്പെടുമെന്ന് കാട്ടി കർഷകർക്ക് നോട്ടീസ് നല്കുന്നതിനുള്ള നടപടികളും തുടങ്ങിയിട്ടുണ്ട്.

ചട്ടപ്രകാരമുള്ള നടപടികൾക്കൊപ്പം, നിരോധിത കീടനാശിനികൾക്കെതിരെ പൊതുഅവബോധം വളർത്തിയെടുക്കുവാനായി ദൃശ്യ-ശ്രാവ്യ പത്ര മാധ്യമങ്ങളുടെ തുടർച്ചയായി പ്രചാര പ്രവർത്തനങ്ങളും നടത്തിവരുന്നു.

സംസ്ഥാനത്ത് നിരോധിത കീടനാശിനികളുടെ ഉപയോഗം ഏതാണ്ട് പൂർണ്ണമായും ഒഴിവാക്കുന്നതിന് മേൽ നടപടികളിലൂടെ കഴിഞ്ഞിട്ടുണ്ട്.

(....3)

| | | |
|---|---|---|
| (സി) | ജൈവ കൃഷിയെ പ്രോത്സാഹി പ്പിക്കണമെങ്കിൽ ഓരോ കീടത്തിന്റെയും രോഗത്തി ന്റെയും നിയന്ത്രണം ജൈവ മാർഗ്ഗത്തിൽ തന്നെ ആകണം എന്നുള്ളതിനാൽ അത്തരം ഗവേഷണ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകിയുള്ള പ്രവർത്ത നങ്ങൾ നടന്നു വരുന്നുണ്ടോ; വ്യക്തമാക്കാമോ? | (സി) രോഗകീടങ്ങളുടെ ജൈവിക നിയന്ത്രണം സംബന്ധിച്ച ഗവേഷണ പ്രവർത്തനങ്ങൾ കൃഷി വകുപ്പ് നേരിട്ട് നടത്തുന്നില്ല എന്നാൽ ജൈവ കൃഷി മുറകൾ ഉൾക്കൊള്ളുന്ന ഗവേഷണങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് കേരള കാർഷിക സർവ്വകലാശാല പാക്കേജ് ഓഫ് പ്രാക്ടീസസ് (ജൈവകൃഷി) 2017 ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. |

Sulatham

**സെക്ഷൻ ഓഫീസർ**